## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.278 — 26.09.2016 ൽ മറുപടിയ്ക്ക്

### പൊതുവിപണിയിലെ വിലക്കയറ്റം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. എ.പി. അനിൽ കുമാർ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. വി.ടി.ബൽറാം | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും<br>വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുവിപണിയിൽ വിലക്കയറ്റം തടയാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെല്ലാം ഇടപെടലുകൾ നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിനെ നേരിടാൻ ശക്തമായ വിപണിയിടപെടൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന കാര്യക്ഷമമായി നടപ്പാക്കി വരുന്നു. ഇതിന്റെ ഭാഗമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യസാധനങ്ങൾ വിൽപ്പനശാലകൾ വഴി വിതരണം ചെയ്ത് വരുന്നു.<br><br>സബ്സിഡിയിൽ വിൽക്കുന്ന ഉൽപ്പന്നങ്ങൾ ഉൾപ്പെടെ 21 ഇനം അവശ്യ ഭക്ഷ്യധാന്യങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതു ജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കി വരുന്നു. കൂടാതെ ഉപഭോക്താവിന് നല്ല ഗുണമേൻമയുള്ള ഗോതമ്പ് പൊടി ലഭ്യമാക്കുന്നതിന് കിലോയ്ക്ക് 15 രൂപ നിരക്കിൽ ഫോർട്ടിഫൈഡ് ആട്ട 14,000 റേഷൻ കടകൾ വഴിയും സപ്ലൈകോ വിൽപ്പനശാലകൾ വഴിയും വിതരണം ചെയ്തു വരുന്നു. ഇത് കൂടാതെ ചായപ്പൊടി, മല്ലിപ്പൊടി, മുളക് പൊടി, വെളിച്ചെണ്ണ, പുളി, ഏലം, മഞ്ഞൾപ്പൊടി, ഉപ്പ് എന്നീ ഉൽപ്പന്നങ്ങൾ സപ്ലൈക്കോയുടെ സ്വന്തം ബ്രാൻഡായ 'ശബരി' ബ്രാൻഡിൽ കർശന ഗുണ നിലവാര പരിശോധനയ്ക്ക് ശേഷം പൊതു വിപണി വിലയേക്കാൾ ഏകദേശം 20-30 ശതമാനം വിലക്കുറവിൽ വിറ്റു വരുന്നു. ഇതിനുപുറമേ മറ്റ് അവശ്യ സാധനങ്ങളും, FMCG ഉൽപ്പന്നങ്ങളും MRP/ മാർക്കറ്റ് |

വിലയേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. ഇങ്ങനെ പൊതു വിപണിയിൽ സപ്ലൈകോ സജീവമായി ഇടപെട്ട് പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലക്കയറ്റം ഫലപ്രദമായ രീതിയിൽ നിയന്ത്രിക്കുവാനുള്ള നടപടി കളെടുത്തു വരുന്നു.

(ബി) ഇതിനായി സിവിൽ സപ്ലൈസ് കോർപ്പറേഷന് എത്ര കോടി രൂപ ലഭിച്ചിട്ടുണ്ട് ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 സാമ്പത്തിക വർഷത്തിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന് വിപണിയിടപെടലിനായി അനുവദിച്ച തുകയായ 70 കോടി രൂപ 150 കോടി രൂപയായി വർദ്ധിപ്പിച്ചു. 2016 സെപ്റ്റംബർ മാസം വരെ 131.42 കോടി രൂപ സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്

(സി) കഴിഞ്ഞ ഓണക്കാലത്ത് വിലക്കയറ്റം തടയാൻ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിയത് ;

(സി) 2016 - ലെ ഓണം – ബക്രീദ് ഉത്സവകാലത്ത് പച്ചക്കറി ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ കൂടുതൽ അളവിൽ ന്യായവിലയ്ക്ക് ലഭ്യമാക്കി. ഈ ഓണക്കാലത്ത് 14 ജില്ലാ ഫെയറുകൾ, 75 താലൂക്ക് ഫെയറുകൾ, 71 ഓണം മാർക്കറ്റുകൾ എന്നിവ മുഖേന പച്ചക്കറികൾ ഉൾപ്പെടെയുള്ള അവശ്യ ഭക്ഷ്യവസ്തുക്കൾ ന്യായവിലയ്ക്ക് ലഭ്യമാക്കി. മാവേലി സ്റ്റോറുകളില്ലാത്ത 25 പഞ്ചായത്തുകളിൽ ഓണച്ചന്തകൾ സംഘടിപ്പിച്ചു. മാവേലി സ്റ്റോറുകളില്ലാത്ത മറ്റ് '7' പഞ്ചായത്തുകളിൽ മൊബൈൽ മാവേലി സ്റ്റോറുകൾ വഴി ഓണക്കാലത്ത് അവശ്യസാധനങ്ങൾ ലഭ്യമാക്കി. കൂടാതെ സപ്ലൈകോ യുടെ എല്ലാ ചില്ലറ വിൽപ്പനശാലകളും ഓണക്കാലത്തെ ഉത്രാടം വരെയുള്ള അഞ്ചുദിവസം ഓണം മിനിഫെയറു കളായി പ്രവർത്തിച്ചു. ഇപ്രകാരം സംസ്ഥാനത്തുടനീളം 1464 ഓണച്ചന്തകൾ പ്രവർത്തിച്ചു.

കൂടാതെ ഈ ഓണക്കാലത്ത് 16.06 ലക്ഷം BPL കുടുംബങ്ങൾക്ക് 2 കിലോ മട്ട അരി, 200 ഗ്രാം മുളക്, 100 ഗ്രാം തേയില എന്നിവയടങ്ങിയ സൗജന്യ ഓണക്കിറ്റ്

വിതരണം സപ്ലൈകോ വില്പനശാലകളിലൂടെ നടത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ ഓരോ റേഷൻകാർഡിനും 1 കിലോ സ്പെഷ്യൽ പഞ്ചസാര വിതരണത്തിനുള്ള പഞ്ചസാര റേഷൻ കടകളിൽ എത്തിച്ചിട്ടുണ്ട്. ഇവ കൂടാതെ പട്ടികവർഗ്ഗ കുടുംബങ്ങൾക്കുള്ള സൗജന്യ ഓണക്കിറ്റിനുള്ള സാധനങ്ങൾ സമയബന്ധിതമായി പട്ടികവർഗ്ഗ വികസന വകുപ്പിന് കൈമാറിയിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കുള്ള 5 കിലോ അരിയുടെ വിതരണവും അവസാന ഘട്ടത്തിലാണ്.

| | | | |
|---|---|---|---|
| (ഡി) | വിലക്കയറ്റം പിടിച്ചുനിർത്തുന്നതിൽ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ? | (ഡി) | സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഡിപ്പോ തലത്തിലും, മേഖലാ കാര്യാലയ തലത്തിലും, കേന്ദ്രകാര്യാലയ തലത്തിലും പ്രവർത്തന അവലോകനം നടത്തുകയും പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. സപ്ലൈകോ വില്പനശാലകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി സപ്ലൈകോയുടെ കീഴിൽ സുസജ്ജമായ ഒരു ആഡിറ്റ് & ഇൻസ്പെക്ഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ആവശ്യത്തിന് എല്ലാ വില്പന ശാലകളിലും ഉറപ്പുവരുത്തുന്നതിനും അവയുടെ ദുരുപയോഗം തടയുന്നതിനും SP റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ (വിജിലൻസ് ഓഫീസർ) നേതൃത്വത്തിൽ വിജിലൻസ് സ്ക്വാഡുകൾ, ഇൻറേർണൽ ഓഡിറ്റ് വിഭാഗം, ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ) എന്നിവർ മുഖേന വില്പനശാലകളിൽ പരിശോധന നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ